**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1017 05/02/2020-ൽ മറുപടിക്ക്

**വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം<br>ശ്രീ.ഒ.ആർ.കേളു | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നൽകി എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2019 ഡിസംബർ 31 വരെ 1509 (ആയിരത്തി അഞ്ഞൂറ്റി ഒൻപത്) ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തു നിൽക്കുന്നവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കാമോ; | (ബി) | 2019 ഡിസംബറിലെ കണക്കു പ്രകാരം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നവരുടെ എണ്ണം 94020 (തൊണ്ണൂറ്റി നാലായിരത്തി ഇരുപത്) ആണ്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ ദിവസവേതന അടിസ്ഥാനത്തിലും, കരാർ വ്യവസ്ഥയിലും സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് അവസാനിപ്പിക്കാൻ വകുപ്പ് കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, ഒഴിവുകൾ എംപ്ലോയ്മെന്റ്എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ള പക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപനമേധാവികൾക്കു നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ / അർദ്ധസർക്കാർ / ബോർഡ് / കമ്പനി / കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**